## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307


**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനകാര്യം - സർക്കാർ എഞ്ചിനീയറിംഗ് കോളേജ് - ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രിക്കൽ എഞ്ചിനീയറിങ്) തസ്തികയിൽ നിന്നും ഇലക്ട്രിക്കൽ വിഭാഗം W /I /ഡെമോൺസ്ട്രേറ്റർ / ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് തരംതാഴ്ത്തി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/37479/14/ഡി.ടി.ഇ — തിരുവനന്തപുരം , തീയതി: 08.08.2023

---

വായന:- 1.08.11.2010 ലെ സ. ഉ. ജി.ഒ.(പി).നം.366/2010/ഉ.വി.വ

2.27.12.2018 ലെ സ.ഉ. (അച്ചടി ) നമ്പർ. 17/2018 /ഉ.ഭ.പ.വ

3.29.02.2020 ലെ സ.ഉ (കൈ) നം.98/2020/ഉ.വി.വ

4.10.02.2021 ലെ സ. ഉ. (പി) നം.27/2021/ ഫിൻ

5.22.07.2022 ലെ ഇജി 1/24275/21/ഡിടിഇ നമ്പർ നോട്ടിഫിക്കേഷൻ

6. 25.08.2022 ലെ ഇതേ നമ്പർ നടപടിക്രമം

7. OP(KAT) 202/2023 നമ്പർ കേസിൻറെ അന്തിമ വിധി ഉത്തരവ് തീയതി 27.07.2023

8. 20.07.2023 ലെ EC1/36393/21/DTE നമ്പർ ഉത്തരവ്

**ഉത്തരവ്**

സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ **ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്) തസ്തികയിലേക്ക്** തസ്തികമാറ്റ നിയമനത്തിനായി യോഗ്യത നേടിയ ജീവനക്കാരുടെ 2022 വർഷത്തെ സെലക്റ്റ് ലിസ്റ്റ് സൂചന (5) നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിച്ചതനുസരിച്ച് ടി സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന **ശ്രീ.ഗിരീഷ് സി, ശ്രീ.ജോജു വർഗീസ്, ശ്രീ.സാജൻ കോശി, ശ്രീ ശ്രീലാൽ കെ എസ് എന്നീ** ഉദ്യോഗസ്ഥർക്ക് **സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്)** തസ്തികയിൽ സൂചന (6) പ്രകാരം തസ്തിക മാറ്റം നിയമനം നല്കി ഉത്തരവായിരുന്നു.

എന്നാൽ കേരള ഹൈക്കോടതിയുടെ സൂചന 7 പ്രകാരമുള്ള അന്തിമവിധിയിൽ മേൽ പറഞ്ഞ ഇൻസ്ട്രക്ടർ ഗ്രേഡ് I തസ്തികയുടെ 4 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനായി നിർദേശം ലഭിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ട് ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ അവരവരുടെ പേരിനു നേരെ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിലേക്ക് ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രിക്കൽ എഞ്ചിനീയറിങ്) തസ്തികയിൽ നിന്നും ഇലക്ട്രിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് തരംതാഴ്ത്തി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര് , തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര് | തസ്തികമാറ്റ നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | **ശ്രീ.ജോജു വർഗീസ്**<br>**ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രിക്കൽ )**<br>**സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ**<br>PEN : 196806 | **സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ (തുറന്ന ഒഴിവ് )** |
| 2 | **ശ്രീ.സാജൻ കോശി**<br>**ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രിക്കൽ)**<br>**സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം**<br>PEN : 398179 | **ഗവ. പോളിടെക്നിക് കോളേജ്, എഴുകോൺ (ബാബു രാജ് ജി യുടെ പ്രൊമോഷൻ മുഖേന ഉണ്ടായ ഒഴിവ്)** |
| 3 | **ശ്രീ ശ്രീലാൽ കെ എസ്**<br>**ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രിക്കൽ )**<br>**സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ**<br>PEN : 766899 | **സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ , ചെറുവത്തൂർ (തുറന്ന ഒഴിവ്)** |

ടി ഉദ്യോഗസ്ഥരുടെ ചേരും കാലം /വിടുതൽ തീയതി എന്നിവ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ അറിയിക്കേണ്ടതാണ്.

**സൂചന 6 ഉത്തരവിൽ ഉൾപ്പെട്ടിരുന്ന ശ്രീ.ഗിരീഷ് സി,** PEN : 386746 **നു സൂചന 8** ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് ലക്ചറർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം ലഭിച്ചിരിക്കുന്നതിനാൽ ടിയാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

Draft #21 of File EC1/37479/14/DTE Approved by Director (in-charge) on 08-Aug-2023 01:20 PM - Page 1

ഇപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ OP(KAT) 202/2023 നമ്പർ കേസിന്മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

ഒപ്പ്/-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്/ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (ഡി.റ്റി.ഇ. ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2. ഇജി സെക്ഷൻ.
3.അക്കൌണ്ടൻറ് ജനറൽ (എ & ഇ),കേരള,കോട്ടയം
4) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 08.08.2023
Reason: Approved

Draft #21 of File EC1/37479/14/DTE Approved by Director (in-charge) on 08-Aug-2023 01:20 PM - Page 2

The document is digitally approved. Hence signature is not needed.

Draft #21 of File EC1/37479/14/DTE Approved by Director  (in-charge) on 08-Aug-2023 01:20 PM - Page 3